(സി) ഉണ്ട്.

ചെലവ് കുറഞ്ഞ വിമാന സർവ്വീസ് ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച എയർ അറേബ്യയ്ക്ക് ലാന്റിംഗ് അനുവാദം നൽകണമെന്ന് കേരള സർക്കാർ കേന്ദ്ര വ്യോമയാന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അറ്റസ്റ്റേഷൻ കഴിഞ്ഞ സർട്ടിഫിക്കറ്റുകൾ

100 [1620] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്കയുടെ കീഴിൽ പ്രവർത്തിക്കുന്ന വൂട്ട്സിൽ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റേഷൻ കഴിഞ്ഞു തിരികെ വാങ്ങാതെ കുമിഞ്ഞുകൂടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എംബസി അറ്റസ്റ്റേഷൻ കഴിഞ്ഞ് സർട്ടിഫിക്കറ്റുകൾ വൂട്ട്സിൽ എത്തുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റിന്റെ യഥാർത്ഥ ഉടമയ്ക്ക് തപാൽമാർഗ്ഗം അയച്ചുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനാവശ്യമായ എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർട്ടിഫിക്കറ്റുകൾ യഥാർത്ഥ ഉടമയ്ക്ക് കിട്ടുന്നവെന്ന് ഉറപ്പുവരുത്താനാണ് സർട്ടിഫിക്കറ്റുകൾ നേരിട്ട് നൽകുന്നത്.

(സി) ഇല്ല.

വിവരസാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി

101 [1621] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ഡോ. തോമസ് ഐസക് :

ശ്രീ. വി. ചെന്താമരാക്ഷൻ :

,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരസാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായത്തിനുവേണ്ടി പുതുതായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം നിലയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികൾക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര ; എന്തു തുക ഇതിനകം വിനിയോഗിക്കുകയുണ്ടായി ;

(ഡി) വിവരസാങ്കേതിക വിദ്യാ മേഖലയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇതിനകം പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) തന്നാണ്ടിൽ സംസ്ഥാനത്ത് വിവരസാങ്കേതിക വിദ്യാ മേഖലയിൽ സർക്കാർ ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് എത്ര പുതിയ തൊഴിൽ സംരംഭങ്ങൾ ഉണ്ടായി; അതുവഴി പുതുതായി എത്ര പേർക്ക് സ്ഥിരം തൊഴിൽ ലഭിക്കുകയുണ്ടായി ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ IT/ITES സൗകര്യങ്ങളും ഇൻക്യൂബേഷൻ സെന്ററുകളും വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വലിയ IT കമ്പനികൾക്ക് ക്യാമ്പസുകൾ നിർമ്മിക്കാനും ഉദ്ദേശിക്കുന്നു.

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിന്റെയും ഇൻഫോ പാർക്കിന്റെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 28-2-2005 വരെ ഈയിനത്തിൽ 25.14 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

(ഡി) ഉപയോഗപ്പെടുത്തിവരുന്നു.

(ഇ) ഈ സംവിധാനത്തിലൂടെ പ്രത്യക്ഷമായ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ലെങ്കിലും പരോക്ഷമായി ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

കഴക്കൂട്ടം-കോവളം ഐ.ടി. കോറിഡോർ

102 [1622] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കോവളം ഐ.ടി. കോറിഡോർ സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ മേഖലയുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) നിർദ്ദിഷ്ട ഐ.ടി. കോറിഡോർ പ്രത്യേക സാമ്പത്തിക മേഖലയാക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly